<u>സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: എം.അഞ്ജന. IAS )

ഉത്തരവ് നം. SJD/742/2021-E6

തിരുവനന്തപുരം,
തീയതി. 04/10/2021

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം -എക്സ്ക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പുന സംഘടന - 31-12-2020 പ്രാബല്യത്തിലുള്ള ഓഫീസ് അറ്റൻഡ്/ വാച്ച് മാൻ/ വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരുടെ സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. സ.ഉ (കൈ)നം.24/2017/സാനീവ തീയതി: 30/06/2017
2. സ.ഉ (കൈ)നം.23/2018/സാനീവ തീയതി: 07/10/2018
3. സ.ഉ(അച്ചടി)നം.10/2019/സാനീവ തീയതി: 21/10/2019
4. സ.ഉ (കൈ)നം.37/2020/സാനീവ തീയതി: 28/12/2020
5.സാമൂഹ്യനീതി ഡയറക്ടറുടെ 4/05/2021 തീയതിയിലെ SJD/742/2021-E6 നമ്പർ നടപടിക്രമങ്ങൾ
6.സൂപ്രണ്ട്, ഗവ: H-P-H കൊട്ടവായൂർ പാലക്കാട്, ന്റെ 9/06/2021 ലെ കത്ത്.

പരാമർശം (1) പ്രകാരം സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും വികസനത്തിനുമായി സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശുവികസന വകുപ്പ് രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പിൽ നിലനിന്നിരുന്ന 3795 തസ്തികളിൽ 535 തസ്തികകൾ സാമൂഹ്യനീതി വകുപ്പിൽ നിലനിർത്തിയും 3260 തസ്തികകളും പരാമർശം (1) പ്രകാരം സൃഷ്ടിച്ച 24 തസ്തികകളും ഉൾപ്പെടെ 3284 തസ്തികകൾ വനിത ശിശുവികസന വകുപ്പിലേയ്ക്കും അനുവദിച്ച് ഇരുവകുപ്പുകളിലെയും കേഡർ സ്ട്രെങ്ത് നിർണ്ണയിച്ചിരുന്നു. പ്രസ്തുത കേഡർ സ്ട്രെങ്തിന്റെ അടിസ്ഥാനത്തിൽ രണ്ടു വകുപ്പിലെയും ജീവനക്കാരുടെ പുനർവിന്യാസം , നിയമനം, സ്ഥാനക്കയറ്റം എന്നീവയ്ക്കായി വ്യവസ്ഥകൾ നിശ്ചയിച്ച് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ നിർദ്ദേശാനുസരണം വാച്ച്മാൻ/ വാച്ച് വുമൺ തസ്തികയിലെ ജീവനക്കാർ ഒഴികെയുള്ള ജീവനക്കാരെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ ഇരുവകുപ്പുകളിലുമായി പുനർ വിന്യസിച്ച് ഉത്തരവായിരുന്നു.

2. വകുപ്പ് വിഭജനത്തിന് മുമ്പ് സാമൂഹ്യനീതി വകുപ്പിൽ 380 ഓഫീസ് അറ്റൻഡന്റ് തസ്തികകളും 78 വാച്ച്മാൻ തസ്തികകളും 11 വാച്ച് വുമൺ തസ്തികളുമാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസുകളിൽ വാച്ച്മാന്റെ സേവനം നിലവിൽ ആവശ്യമില്ലാത്തതിനാൽ പ്രസ്തുത കാര്യാലയങ്ങളിലെ വാച്ച്മാൻ തസ്തികകളെ ഓഫീസ് അറ്റൻഡന്റ് തസ്തികകളായി മാറ്റിയാണ് ഇരുവകുപ്പുകളിലെയും കേഡർ സ്ട്രെങ്ത് നിർണ്ണയിച്ചു കൊണ്ടു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനെ തുടർന്ന് കുറവ് വന്ന വാച്ച്മാൻ തസ്തികകൾ ഓഫീസ്

അറ്റൻഡന്റ് തസ്തികകളായും, വാച്ച് വുമൺ തസ്തികകളുമായി മാറ്റുന്നതിന് ജീവനക്കാരിൽ നിന്ന് ഓപ്ഷൻ സ്വീകരിക്കുകയും സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) ലെ സർക്കാർ ഉത്തരവ് പ്രകാരം തസ്തികമാറ്റവും പുനർ വിന്യാസവും അന്തർജില്ല സ്ഥലംമാറ്റവും അനുവദിച്ച് സർക്കാർ ഉത്തരവാകുകയും ചെയ്യിട്ടുണ്ട്. എന്നാൽ കേഡർ സ്ട്രെങ്ത് നിർണ്ണയിച്ച കൊണ്ടുള്ള പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പിലെ ഓഫീസ് അറ്റൻഡന്റ് (72)/വാച്ച്മാൻ (35)/ വാച്ച് വുമൺ (11) തസ്തികയിലെ ജീവനക്കാരുടെ കേഡർ സ്ട്രെങ്ത് ആകെ 118 ആയാണ് നിർണ്ണയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ പരാമർശം (4) പ്രകാരം വനിത ശിശുവികസന വകുപ്പിൽ പുനർവിന്യസിക്കപ്പെട്ട ജീവനക്കാരെ ഒഴിവാക്കി, 31.12.2020 തീയതി പ്രാബല്യത്തിൽ സാമൂഹ്യനീതി വകുപ്പിലുള്ള ഓഫീസ് അറ്റൻഡന്റ് / വാച്ച്മാൻ/വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരുടെ സംസ്ഥാനതല താത്ക്കാലിക സീനിയോറിറ്റി ലിസ്റ്റ് പരാമർശം (5) പ്രകാരം പ്രസിദ്ധീകരിക്കുകയും, ജീവനക്കാരിൽ നിന്നും ആക്ഷേപം/പരാതി ക്ഷണിക്കുകയുണ്ടായി.

3. പരാമർശം (6) പ്രകാരം ജീവനക്കാരിൽ നിന്നും ലഭ്യമായ പരാതികൾ/ അപേക്ഷ എന്നിവയുടെ അടിസ്ഥാനത്തിൽ, ചുവടെ പരാമർശിക്കും പ്രകാരം മാറ്റങ്ങൾ വരുത്തുന്നു. താൽക്കാലിക സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടാതെ വന്ന വൃദ്ധവികലാംഗസദനം കൊട്ടവായൂർ, പാലക്കാട് ലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സതീഷ്കുമാർ.വി യെ അപേക്ഷയുടെയും അനുബന്ധരേഖകളുടെയും അടിസ്ഥാനത്തിൽ ക്രമ നം, 19 ആയി, ഉൾപ്പെടുത്തുന്നു. വൃദ്ധവികലാംഗസദനം കൊട്ടവായൂർ, പാലക്കാട് ലെ ശ്രീ.ബാലകൃഷ്ണൻ. എസ്സ് ന്റെ തസ്തിക താൽക്കാലിക സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നം, 33. ൽ അറ്റൻഡന്റ്, എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നത് വാച്ച്മാൻ എന്ന് തിരുത്തൽ വരുത്തുന്നു. കൂടാതെ ലഭ്യമായിട്ടുള്ള ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധരേഖകൾ എന്നിവ പരിശോധിച്ച് കരട്ടുത്തരവിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

4. പ്രസ്തുത സാഹചര്യത്തിൽ ജി.ഒ (പി) നം. 10/2019/സാനീവ തീയതി 21/10/2019 പ്രകാരമുള്ള എക്സിക്യൂട്ടീവ് ഉത്തരവിന്റെയും പരാമർശം (4) പ്രകാരമുള്ള ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പിൽ പുനർവിന്യസിക്കപ്പെട്ട ഓഫീസ് അറ്റൻഡന്റ്/വാച്ച് മാൻ/വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരുൾപ്പെടെ 31.12.2020 തീയതി പ്രാബല്യത്തിൽ സാമൂഹ്യനീതി വകുപ്പിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ്/വാച്ച്മാൻ/വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരുടെ സംസ്ഥാനതല താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് മുൻ ഖണ്ഡിക (3) പ്രകാരമുള്ള ഉൾപ്പെടുത്തലുകൾ/ഭേദഗതികൾ കൂടി വരുത്തി അന്തിമമായി അംഗീകരിച്ച് ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

M. ANJANA IAS

സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക് (കാര്യാലയ മേധാവി മുഖേന)

<u>പകർപ്പ് :</u>

1. എല്ലാ കാര്യാലയ മേധാവികൾക്കും
2. സൂപ്രണ്ട്, ഐറ്റി സെക്ഷൻ(വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. ഇ 3 സീറ്റ്
4. സ്റ്റോക്ക് ഫയൽ /സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

File No: SJD/742/2021-E6

**ജി.ഒ (പി) നം.10/2019/സാനീവ തീയതി 21/10/2019 പ്രകാരമുള്ള എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേഡർ സ്ട്രെങ്ത് പ്രകാരം ഓഫീസ് അറ്റൻഡന്റ്/ വാച്ച് മാൻ/വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരെ** സ.ഉ.(കൈ) നം.37/2020/സാനീവ തീയതി, 28.12.2020. **പ്രകാരം പുനർ വിന്യസിച്ച ശേഷം 31/12/2020 തീയതി പ്രാബല്യത്തിൽ സാമൂഹ്യനീതി വകുപ്പിൽ നിലവിൽ വന്ന ഓഫീസ് അറ്റൻഡന്റ്/ വാച്ച് മാൻ/വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരുടെ സംസ്ഥാന തല അന്തിമ സീനിയോറിറ്റി ലിസ്റ്റ്.**

| ക്രമ നം. | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | | പി.എസ്.സി അഡ്വൈസ് നമ്പരും തീയതിയും/ നിയമന ഉത്തരവ് നമ്പരും തീയതിയും | ജോലിയിൽ പ്രവേശിച്ച തീയതി | അഭിപ്രായം |
|---|---|---|---|---|---|---|---|
| | | | ജനറൽ | സ്പെഷ്യൽ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 9 |
| 1 | ബാബു.പി<br>ഓഫീസ് അറ്റൻഡന്റ്<br>214029 | 10/04/1971 | $9^{th}$ STD | | M(R)1-25/91 Dt:16/10/1995 PSC, Malappuram<br>Ord.No.E6/25452/98(1) Dt: 8/11/1995 of DSW | 23/11/1995 | |
| 2. | ശ്രീ.ദിലീപ്കുമാർ.കെ.പി.<br>ഓഫീസ് അറ്റൻഡൻറ് | 30-05-1976 | SSLC<br>Type Eng (L) Mal(L) | | DII (6) 1814/96 (7) dtd 05-10-2000 of Dist.PSC, KKD | 29-11-2000 | |
| 3. | ശ്രീ.എൻ.ഷൈജു<br>ഓഫീസ് അറ്റൻഡൻറ് | 10-12-1976 | PDC | , | DII (6) 1814/96 (7) dtd 05-10-2000 of Dist.PSC, KKD | 27-11-2000 | |
| 4. | ശ്രീ.റ്റി.ജി.സാമുവൽ തരകൻ<br>ഓഫീസ് അറ്റൻഡൻറ്<br>211973 | 30-05-1966 | SSLC, D Pham | | QRI (3) 3218/96-7 dtd 22-10-2002 of Dist.PSC, Kollam | 30-01-2003 | |
| 5. | മുഹമ്മദ് എ.എം<br>വാച്ച്മാൻ<br>212524 | 11/05/1977 | SSLC | | PSC No. IDB(1)2467/96 dt: 19/12/2002<br>Appointment Order- E6-44611/2000, Dt: 30/01/2003 | 10/02/2003 FN | |